കേരള സർക്കാർ

**സംഗ്രഹം**

കേരള ട്രഷറി കോഡ് – Form T.R. 83B കേരള ട്രഷറി കോഡ് വാല്യം II–ൽ നിന്നും നീക്കി പകരം പുതുക്കിയ Letter of Undertaking, ചട്ടം 286D ആയി കേരള ട്രഷറി കോഡ് വാല്യം I–ൽ ഉൾപ്പെടുത്തി– ആയത് എല്ലാ പെൻഷൻകാർക്കും ബാധകമാക്കി– ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം.4/2023/ധന** **തീയതി, തിരുവനന്തപുരം, 13/01/2023**

പരാമർശം:- 1. സ.ഉ.(പി)നം.733/93/ധന തീയതി 20/10/1993 (എസ്.ആർ.ഒ. നം.139/94).

2. സ.ഉ.(പി)നം.109/2021/ധന തീയതി 02/08/2021.

3. സ.ഉ.(പി)നം.142/2022/ധന തീയതി 01/12/2022.

4. ട്രഷറി ഡയറക്ടറുടെ 08/11/2021–ലെ TRY/3728/2020–P2 നമ്പർ കത്ത്.

**ഉത്തരവ്**

ട്രഷറി സേവിംഗ്സ് അക്കൗണ്ട് വഴി പെൻഷൻ വിതരണം നടത്തുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിരിക്കുന്ന കേരള ട്രഷറി കോഡ് വാല്യം-I ചട്ടം 286B–ൽ പെൻഷൻ ക്രെഡിറ്റ് ചെയ്യുന്നതിന് മാത്രമായി പെൻഷനർ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണെന്നും; അപ്രകാരം അക്കൗണ്ട് തുറക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ Form T.R.83B–ൽ Letter of Undertaking സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

2. സംസ്ഥാന സർക്കാർ IFMS നടപ്പിലാക്കിയതിന്റെ ഭാഗമായി പ്രതിമാസ പെൻഷനും മറ്റാനുകൂല്യങ്ങളും പെൻഷണർ സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തു നൽകുന്ന രീതി (D.B.T) ഇപ്പോൾ പെൻഷൻ വിതരണത്തിനായി ട്രഷറികൾ സ്വീകരിച്ച് വരുന്നുണ്ട്. D.B.T. വഴിയുള്ള പെൻഷൻ വിതരണത്തിനുള്ള നടപടിക്രമങ്ങൾ കേരള ട്രഷറി കോഡ് വാല്യം I–ൽ അദ്ധ്യായം III B ചട്ടം 286C ആയി പരാമർശങ്ങൾ 2, 3 പ്രകാരം ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം പെൻഷൻ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ അധികമായി ക്രെഡിറ്റ് ചെയ്തു നൽകപ്പെട്ട തുക മാത്രമാണ് തിരികെ ഈടാക്കുവാൻ Letter of Undertaking മുഖേന സാധ്യമാകുക എന്നതിനാൽ മണി ഓർഡർ, ബാങ്ക് അക്കൗണ്ട് എന്നീ സംവിധാനങ്ങൾ വഴി അധികമായി ക്രെഡിറ്റ് ചെയ്തു നൽകപ്പെട്ട തുക തിരികെ ഈടാക്കുന്നതിന് പുതുക്കിയ രീതിയിലുള്ള Letter of Undertaking കേരള ട്രഷറി കോഡിൽ ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ പരാമർശം 4–ലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം 1 പ്രകാരം കേരള ട്രഷറി കോഡ് വാല്യം II-ൽ ഉൾപ്പെടുത്തിയിട്ടുള്ള Form T.R. 83B ടി വാല്യത്തിൽ നിന്നും നീക്കി അതിന് പകരം അനുബന്ധമായി ചേർത്തിട്ടുള്ള Letter of Undertaking, ചട്ടം 286D ആയി കേരള ട്രഷറി കോഡ് വാല്യം I-ൽ ഉൾപ്പെടുത്തിയും ആയത് മണി ഓർഡർ/PTSB അക്കൗണ്ട്/ബാങ്ക് അക്കൗണ്ട് എന്നിവ മുഖേന പെൻഷൻ കൈപ്പറ്റുന്ന എല്ലാ പെൻഷൻകാർക്കും ബാധകമാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഉചിതമായ ഭേദഗതികൾ കേരള ട്രഷറി കോഡിൽ പിന്നീട് വരുത്തുന്നതായിരിക്കും.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**പ്രീത ബി.എസ്.,**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം).**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി/സബ് ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E1510904).

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.